തെരഞ്ഞെടുപ്പിന്റെ രാഷ്ട്രീയം

ഗാർഹിക – കാർഷിക ആവശ്യങ്ങൾക്കുള്ള ശുദ്ധജലം ലഭ്യമാക്കുക എന്നത് കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന ഒരു പ്രധാന വെല്ലുവിളിയാണ്. തിരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ അടിസ്ഥാന വികസനപ്രശ്നമായ 'ജലസുരക്ഷ' കൈവരിക്കൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ചെയ്യേണ്ടത് എന്തെല്ലാമാണ് എന്നതിനെക്കുറിച്ച് ചാലക്കുടി പുഴയെ അടിസ്ഥാനമാക്കി

**ചാലക്കുടിപുഴ സംരക്ഷണ സമിതി**

തയ്യാറാക്കിയ രൂപരേഖ

# ജലസുരക്ഷയിലേക്കുള്ള വഴികൾ

കേരളം വീണ്ടുമൊരു ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിന് ഒരുങ്ങുകയാണ്. ഇനിവരുന്ന അഞ്ചുവർഷം പുതിയ ഭരണസമിതികൾക്ക് പുതിയ പ്രവർത്തനമേഖലകളുടെയും വെല്ലുവിളികളുടെയും കാലമാണ്. എന്നാൽ എന്നും നിലനിൽക്കുന്ന അടിസ്ഥാന വികസനപ്രശ്നമാണ് 'ജലസുരക്ഷ' കൈവരിക്കൽ. കേരളത്തിലെ ഗാർഹിക-കാർഷിക ആവശ്യങ്ങൾക്കുള്ള ശുദ്ധജലം ലഭ്യമാക്കുക എന്നത് കേരളത്തിലെ ഒട്ടുമിക്ക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നേരിട്ടുകൊണ്ടിരിക്കുന്ന പ്രധാന വെല്ലുവിളിയാണ്. വേനൽക്കാലങ്ങളിൽ ഉറവിടം വറ്റിപ്പോകുന്നതും പുഴയുടെ നീരൊഴുക്ക് തീരെ ശോഷിക്കുന്നതും, കനാലുകളിൽ കൂടി വെള്ളം എത്തിച്ചേരാത്തതും മറ്റും ജലസേചന കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിന് ഭീഷണിയാകുന്നു. പലപ്പോഴും ടാങ്കർ ലോറികളിൽ കുടിവെള്ളം എത്തിക്കുക, ഇറിഗേഷൻ ഓഫീസിന് മുന്നിൽ കുത്തിയിരുന്നു കനാലിൽ കുടിവെള്ളം എത്തിക്കുക എന്നതിൽ ഉപരി ശാശ്വതമായ പരിഹാരങ്ങൾ കാണാൻ ത്രിതല പഞ്ചായത്തുകൾക്കാകുന്നില്ല.

നദികളുടെ സംരക്ഷണവും പരിപാലനവും ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങളിൽ കൂടി മാത്രമേ ശുദ്ധജലത്തിന്റെ ശാശ്വതമായ ലഭ്യത ഉറപ്പുവരുത്താനാകൂ. കേരളത്തിൽകൂടി ഒഴുകുന്ന 44 നദികളെ ആശ്രയിച്ചു നിലകൊള്ളുന്ന ത്രിതല പഞ്ചായത്തുകൾ ഈ സത്യം തിരിച്ചറിഞ്ഞു തുടങ്ങിയിരിക്കുന്നു. എന്നാൽ ഒരു പുഴത്തടത്തിലെ എല്ലാ ത്രിതല പഞ്ചായത്തുകളേയും കോർത്തിണക്കി സമഗ്രമായ ജലവിഭവ പരിപാലനത്തിന് തുടക്കം കുറിക്കാൻ ഒരുപക്ഷെ ഏറ്റവും അനുയോജ്യമായ ഇടം ചാലക്കുടിപ്പുഴത്തടമായിരിക്കാം.

**ചാലക്കുടിപ്പുഴയുടെ ഇന്നത്തെ അവസ്ഥയും ജലവിനിയോഗവും**

കേരളത്തിലെ അഞ്ചാമത്തെ വലിയ പുഴ. 1704 ചകി.മീ വൃഷ്ടിപ്രദേശമുള്ള 144 (130 എന്നും കണക്കുകൾ പറയുന്നു.) കിമീ. നീളമുള്ള ചാലക്കുടിപ്പുഴ കേരളത്തിലെ ഏറ്റവും കൂടുതൽ ഉപയോഗിക്കപ്പെടുന്ന പുഴകളിൽ ഒന്നാ

ണ്. പശ്ചിമഘട്ടത്തിലെ ആനമല, പറമ്പിക്കുളം, നെല്ലിയാമ്പതി മേഖലകളിൽ നിന്നും ഉത്ഭവിക്കുന്ന 4 കൈവഴികൾ ഒരുകൊമ്പൻകുട്ടിയിൽ വെച്ച് ചാലക്കുടിപ്പുഴയായി മാറുന്നു.

## വിനിയോഗം

* 25-ൽ പരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജലസേചനത്തിനും കുടിവെള്ളത്തിനും വേണ്ടി നേരിട്ടാശ്രയിക്കുന്നു.
* 30-ൽ പരം വലിയ കുടിവെള്ള പദ്ധതികൾ
* 50-ൽ പരം മേജർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ
* 650-ഓളം ചെറുകിട പമ്പുകൾ
* പത്തോളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മണൽ വാരലിൽ നിന്നും വരുമാനം.
* കേരള ഷോളയാർ (54 മെഗാവാട്ട്), പെരിങ്ങൾകുത്ത് (48 മെഗാവാട്ട്) എന്നീ ജലവൈദ്യുതപദ്ധതികൾ കേരളത്തിലും തമിഴ്നാട് ഷോളയാറിന്റെ 95 മെഗാവാട്ട്, തമിഴ്നാട്ടിലും.
* PAP കരാറിന്റെ ഭാഗമായ 4 അണക്കെട്ടുകൾ
* 14000 ഹെക്ടറിൽ പരം ആക്കെട്ടുള്ള തുമ്പൂർമുഴി ജലസേചനപദ്ധതി
* മൂന്നു വൻകിട വ്യവസായങ്ങൾ, മറ്റു ചെറുകിട വ്യവസായങ്ങൾ
* രണ്ട് വാട്ടർ തീം പാർക്കുകൾ
* 10 ലക്ഷത്തിൽപരം ജനങ്ങൾ നേരിട്ടാശ്രയിക്കുന്നു.

## നിലവിലുള്ള അവസ്ഥ

പശ്ചിമഘട്ടത്തിൽ നിന്നുത്ഭവിക്കുന്ന മറ്റു പുഴകളെ പോലെ ചാലക്കുടിപുഴയും ഇന്ന് നാശത്തിന്റെ വക്കിലാണ്. പുഴ നിലവിൽ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ ഇവയാണ് :

* വൃഷ്ടിപ്രദേശത്തെ കാടിന്റെ നാശം, ശോഷണം, തുണ്ടുവൽക്കരണം (forest bagmentation) പുഴയെ പോഷിപ്പിക്കുന്ന നീർച്ചോലകൾ മഴക്കാലം കഴിയുമ്പോൾ വറ്റിപ്പോകുന്നു.
* അണക്കെട്ടുകളും, പുഴതിരിച്ചുവിടലും കാരണം, പുഴയുടെ ഒഴുക്ക് അണക്കെട്ടുകൾക്കു താഴെ മുറിഞ്ഞുപോയി
* വൃഷ്ടിപ്രദേശത്തിലെ തെറ്റായ ഭൂവിനിയോഗം- കൃഷിരീതികൾ, ഏകവിളത്തോട്ടങ്ങൾ എന്നിവ
* വ്യാപകമായ കുന്നിടിക്കലും, വയൽ നികത്തലും മറ്റും വൃഷ്ടിപ്രദേശത്തെ ജലസംഭരണശേഷി കുറച്ചു.
* വ്യാപകമായ മണൽവാരൽ മൂലം ഇടനാട്ടിൽ പുഴ ശരാശരി 6-8 മീറ്റർ വരെ താഴുകയും തൽഫലമായി സമീപപ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാകുകയും, ജലത്തിന്റെ സ്വാഭാവിക ശുദ്ധീകരണ പ്രക്രിയ തടസ്സപ്പെടുകയും ചെയ്തു.
* മലത്തലപ്പിലുള്ള തേയിലത്തോട്ടങ്ങൾ മുതൽ വ്യാപകമായി തളിക്കുന്ന കീടനാശിനികളും രാസവളങ്ങളും സൃഷ്ടിക്കുന്ന മലിനീകരണം.
* നിറ്റാ ജലാറ്റിൻ, ശ്രീശക്തി പേപ്പർ മിൽസ് എന്നിവ വ്യാപകമായ തോതിൽ വിഷമാലിന്യങ്ങൾ പുഴയിലേക്ക് തള്ളുന്നു. കൂടാതെ വാട്ടർ തീം പാർക്കുകൾ പുഴയിലേക്കു തുറന്നുവിടുന്ന വിസർജ്യങ്ങൾ.
* വ്യാപകമായികൊണ്ടിരിക്കുന്ന പുഴത്തീരകൈയേറ്റങ്ങളും, പുഴത്തീരമിടിയലും.
* നീരൊഴുക്കു കുറഞ്ഞ പുഴയിൽ വേനൽക്കാലത്ത് ഉപ്പുവെള്ളം (ഓരുവെള്ളം) കയറിവരുന്നു.

## ജലസുരക്ഷയും നദീസംരക്ഷണവും ഒരുമിച്ച് ഉറപ്പാക്കണം

മേൽ സൂചിപ്പിച്ച പ്രശ്നങ്ങൾ എല്ലാം തന്നെ പ്രത്യക്ഷമായും പരോക്ഷമായും ജലസുരക്ഷയെ ബാധിക്കുന്നവയാണ്. അതുകൊണ്ട് പുഴയുടെ ക്ഷയിച്ചുകൊണ്ടിരിക്കുന്ന ആരോഗ്യം വീണ്ടെടുക്കലും ശുദ്ധമായ ജലലഭ്യതയും ഒരുമിച്ചേ ഉറപ്പാക്കാൻ കഴിയൂ. നാം മുന്നോട്ടുവെക്കുന്ന 15 ചോദ്യങ്ങളും അവയിലേക്കുള്ള ചൂണ്ടുപലകയാണ് താനും. ചാലക്കുടിപ്പുഴയെ ആശ്രയിക്കുന്ന എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പുഴയെ ഒന്നായി കണ്ടുകൊണ്ട് ഒത്തൊരുമിച്ചു പ്രവർത്തിച്ചാൽ നടപ്പിലാക്കാവുന്ന സംരംഭമാണിത്. ഇതുമായി ബന്ധപ്പെട്ട് വളരെ സംക്ഷിപ്തമായ ഒരു കരടുരേഖയാണ് ഇവിടെ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. ഇവയിലെ പല മേഖലകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ക്രിയാത്മകമായി ഇടപെടാൻ കഴിയുകയും ചെയ്യും.

## 1. ഗ്രാമപഞ്ചായത്ത് തലത്തിൽ ജലവിഭവ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കൽ

* അടുത്ത 25 വർഷത്തെ ജല ആവശ്യകതയും ലഭ്യതയും (കുറഞ്ഞത് 10 വർഷത്തെയെങ്കിലും) കണക്കാക്കുക.
* LSG പരിധിയിലെ ജലലഭ്യതയേയും വിനിയോഗത്തെയും സംബന്ധിച്ച് ഒരു പഠനം ജനപങ്കാളിത്തത്തോടെ നടത്തി ഒരു വർഷത്തിനുള്ളിൽ റിപ്പോർട്ട് പ്രസിദ്ധീകരിക്കണം.
* ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം, ജല ബഡ്ജറ്റ്, ജല ഓഡിറ്റിംഗ്, ധൂർത്തും ചൂഷണവും തടയൽ ഉൾപ്പെടെയുള്ള തദ്ദേശ സ്വയംഭരണതല ജലവിഭവ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുക.
* മോണിട്ടറിംഗ് കമ്മറ്റികൾ വഴി മാനേജ്മെന്റ് പ്ലാൻ നടപ്പിലാക്കുക.
* ജലവിഭവവകുപ്പ്, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ വഴി വ്യാപകമായ പ്രചരണം നടത്തുക.

## 2. തുമ്പൂർമുഴി ജലസേചന പദ്ധതിയുടെയും/ LI സ്കീമുകളുടെയും കാര്യക്ഷമത വർദ്ധിപ്പിക്കുക.

* CRDS ന്റെ നിലവിലുള്ള പ്രവർത്തനവും, പ്രശ്നങ്ങളും വിലയിരുത്തുക.
* കനാലുകളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുവാൻ മുൻകൈ എടുപ്പിക്കുക.
* കനാൽ ജലസേചനം വാലറ്റം വരെയെത്താനുള്ള സംവിധാനങ്ങൾക്കായി ശ്രമിക്കുക
* പങ്കാളിത്ത ജലസേചനരീതികൾ (PIM) കർഷകരുടെയും ജലസേചന വകുപ്പിന്റെയും സഹായത്തോടെ നടപ്പിലാക്കുക.
* ജലവിനിയോഗം കുറച്ചുകൊണ്ടുള്ള കാർഷിക രീതികളും, ഭൂവിനിയോ

ഗവും ആയക്കെട്ടിൽ നടപ്പിലാക്കുക.

* നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ പ്രവർത്തനവും, കാര്യക്ഷമതയും വിലയിരുത്തി മെച്ചപ്പെടുത്താനുള്ള പദ്ധതികൾ തയ്യാറാക്കുക

* PAP കരാറിൽ നിന്നും ചാലക്കുടി പ്പുഴയ്ക്കു ന്യായമായും ലഭിക്കാനുള്ള ജലലഭ്യതയ്ക്കുവേണ്ടി സംസ്ഥാന സർക്കാരിൽ സമ്മർദ്ദം ചെലുത്തുക.

## 3. പൊരിങ്ങൽകുത്ത് ജലവൈദ്യുതപദ്ധതിയുടെ പ്രവർത്തന ക്രമീകരണം മാറ്റാൻ മുൻകൈയെടുക്കുക

* നിലവിലുള്ള Peak Load പ്രവർത്തനരീതികൾ മൂലം പുഴയിലെ നീരൊഴുക്കിൽ 1:4 എന്ന തോതിൽ വേനൽക്കാലത്ത് നിത്യേന വ്യതിയാനം വരുന്നു. ഇത് കീഴ്തടത്തിലുള്ള CRDS പദ്ധതിയുടെ പ്രവർത്തനത്തിനെ പ്രതികൂലമായി ബാധിച്ചുതുടങ്ങിയിട്ട് 10 ലധികം വർഷമാകാറായി.

* കനാലിൽ കൂടി വേനൽകാലങ്ങളിൽ തുറന്നുവിടുന്ന വെള്ളം വാലറ്റം വരെയെത്തണമെങ്കിൽ പൊരിങ്ങൽകുത്തിന്റെ നിലവിലുള്ള പ്രവർത്തനരീതി പീക് ലോഡിൽ നിന്ന് 'ബേസ് ലോഡ്' അഥവാ Semi peak load' അവസ്ഥയിലേക്കെങ്കിലും തിരിച്ചുകൊണ്ടുവരാനുള്ള ശ്രമങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എടുക്കേണ്ടിവരും.

* സംസ്ഥാന വൈദ്യുതിബോർഡ്, സംസ്ഥാന സർക്കാർ, ഇറിഗേഷൻ വകുപ്പ്, കൃഷിക്കാർ എന്നിവരുടെ സഹായം ഇതിനുവേണ്ടി തേടേണ്ടിവരും.

## 4. പുഴയെ മാലിന്യമുക്തമാക്കാനുള്ള ശക്തമായ നടപടികൾ സ്വീകരിക്കുക.

* ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനപരിധിയിൽപ്പെടുന്ന മലിനീകരണ സ്രോതസ്സുകൾ വിലയിരുത്തുക.

* പഞ്ചായത്തുതലത്തിൽ മാലിന്യം കുറയ്ക്കൽ, കൈകാര്യം ചെയ്യൽ, സംസ്കരണം, കമ്പോസ്റ്റിംഗ്

* പുഴ മലിനീകരണം ഒഴിവാക്കാൻ Monitoring Committee കൾ (ജാഗ്രതാ സമിതികൾ)

* ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുക - വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകളെ ഉപയോഗിക്കാം.

* നിറ്റാ ജലാറ്റിൻ, ശ്രീശക്തി പേപ്പർ മിൽസ് പോലുള്ള കമ്പനികളിൽ നിന്നും Zero Discharge ഉറപ്പ് വരുത്തുക. Local area Environment Committee കൾ വഴി മലിനീകരണ നിയന്ത്രണം ഉറപ്പാക്കുക.

* ഘട്ടം ഘട്ടമായി ജൈവകൃഷിയിലേക്ക് മാറ്റുക, മൊത്തം പഞ്ചായത്തിനെ രാസവള-കീടനാശിനി മുക്തമാക്കാനുള്ള രീതിയിൽ കാർഷിക ഉത്പാദനത്തിന്റെ ഫണ്ട് വിനിയോഗിക്കുക.

## 5. മണൽവാരൽ നിയന്ത്രണം നടപ്പിലാക്കണം

* പുഴയിലെ ജൈവവൈവിദ്ധ്യം നിലനിർത്താൻ ഉതകുന്ന രീതിയിലുള്ള ബെഞ്ച് മാർക്കുകൾ സ്ഥാപിക്കുക. ഇവിടെ CESS ന്റെയും വിഷയ വിദ്ധരുടെയും വൈദഗ്ദ്ധ്യം തേടാം.

* മണൽ ഓഡിറ്റും, മണൽ നിക്ഷേപത്തിന്റെ കണക്കുകളും പരിശോധിച്ച ശേഷം മാത്രം വാരാവുന്ന മണലിന്റെ അളവ് തിട്ടപ്പെടുത്തുക

* വളരെയധികം മണൽവാരി നശിച്ച ഇടങ്ങളിൽ 'മണൽ വാരലിന് അവധി' (Sand Holiday) പ്രഖ്യാപിക്കുക.

* അനിയന്ത്രിതമായ മണൽവാരൽ കർശനമായി തടയുക

* സത്യസന്ധമായ സമീപനവും, മണൽ വാരൽ തൊഴിലാളികൾക്ക് മറ്റ് ക്രിയാത്മകമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ അടക്കം (പുനരധിവാസം) വിഭാവനം ചെയ്യേണ്ടതാണ്.

## 6. നീർത്തടാധിഷ്ഠിത മണ്ണ്, ജല സംരക്ഷണപ്രവർത്തനങ്ങൾ നടപ്പിലാക്കുക

* പഞ്ചായത്തിലെ നീർത്തടമാപ്പുകൾ നിലവിൽ ലഭ്യമാണ്. എന്നാൽ ശരിയായ രീതിയിൽ ഉപയോഗിക്കപ്പെടുന്നില്ല.

* മണ്ണൊലിപ്പും, ശോഷണവും വ്യാപകമായ പ്രദേശങ്ങളിൽ ലളിതമായ മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് മുൻകൈയെടുക്കുക

* പ്രാദേശിക ജൈവവൈവിദ്ധ്യം മെച്ചപ്പെടുത്താൻ (കാർഷിക ജൈവവൈവിദ്ധ്യം അടക്കം) പ്രൊജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുക.

* പുഴത്തീര/സംരക്ഷണത്തിന് ജൈവരീതികൾ മാത്രം നീർച്ചാൽ

* കൃഷിവകുപ്പുമായി ചേർന്ന് പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക.

3.7 അണക്കെട്ടുകൾക്കു താഴെ ചുരുങ്ങിയ നീരൊഴുക്കെങ്കിലും ഉറപ്പുവരുത്താൻ വേണ്ട സമ്മർദ്ദം സർക്കാരിൻമേൽ ചെലുത്താൻ തയ്യാറാകണം.

3.8 പുഴയുടെ വൃഷ്ടിപ്രദേശത്തെ അവശേഷിക്കുന്ന കാടിന്റെ തുടർച്ചാ പുനസ്ഥാപനത്തിനായി വനം വകുപ്പുമായിചേർന്ന് പ്രവർത്തിക്കുക. ഗ്രാമീണ തൊഴിലുറപ്പ് സേനയെ അടക്കം ഇത്തരം കാര്യങ്ങളിൽ വനസംരക്ഷണസമിതികൾക്കു പുറമെ വിന്യസിക്കാവുന്നതാണ്.

3.9 പുഴസംരക്ഷണത്തിന്റെ ആവശ്യകതയുമായി ബന്ധപ്പെട്ട വ്യാപകമായ പ്രചരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വയം ഏറ്റെടുക്കേണ്ടതാണ്.

ബന്ധങ്ങൾക്ക്: 9249898773

## വേണോ കൊച്ചിക്ക് വീണ്ടുമൊരു ക്രിക്കറ്റ് സ്റ്റേഡിയം?

ഇടക്കൊച്ചിയിൽ 24 ഏക്കർ സ്ഥലം നികത്തി 320 കോടി ചിലവാക്കി ക്രിക്കറ്റ് സ്റ്റേഡിയം ഒരുക്കാനുള്ള നടപടി തുടങ്ങിയിരിക്കുകയാണ് കേരള ക്രിക്കറ്റ് അസോസിയേഷൻ. തീരദേശ നിയന്ത്രണ മേഖലയിൽ ഉൾപ്പെടുന്ന പ്രദേശമാണ് കണ്ടൽക്കാടുകൾ വെട്ടി നശിപ്പിച്ചുകൊണ്ട് നികത്തുന്നതെന്ന് പരിസ്ഥിതി പ്രവർത്തകർ പറയുന്നു.

*വിശദവിവരങ്ങൾക്ക്:*
*ഡോ.സി.എം. ജോയി*
*9447391905*